# SPARKLE

## KUTHUPARAMBA HIGHER SECONDARY SCHOOL

## THOKKILANGADI



BY

LITTLE KITES CLUB

KUTHUPARAMBA H.S.S

# ഉള്ളടക്കം


| SL.NO. | | PAGE |
|---|---|---|
| 1. | കൂത്തുപറമ്പ്ഹൈസ്കൂൾ | 3 |
| 2. | എഡിറ്റോറിയൽ ബോർഡ് | 5 |
| 3. | സ്റ്റുഡൻറ് കമ്മിറ്റി അംഗങ്ങൾ | 6 |
| 4 | Little kites batches | 7 |
| 5. | A lamentation from the depth | 8 |
| 6. | പ്രവേശനോൽസവം | 10 |
| 7. | Dreams | 11 |
| 8. | ലഹരിതൻഅടിമകൾ | 12 |
| 9. | Irreplaceable love | 13 |
| 10. | Journey of life | 14 |
| 11. | പെൻഡുലമില്ലാതെ | 15 |
| 12. | Little kites club | 16 |
| 13. | Freedom fest | 17 |
| 14. | Where angels often visit | 18 |
| 15. | വരയുടെ ലോകത്തിലേക്ക് | 19 |
| 16. | വിസ്മയക്കാഴ്ചകളിലേക്ക് | 20 |
| 17. | ആ വാക മരച്ചുവട്ടിൽ | 21 |
| 18. | പ്രകൃതി | 23 |
| 19. | അന്തിമവിജയം | 24 |
| 20. | മായാത്ത വല്ലാത്ത ഓർമ്മകൾ | 25 |
| 21. | നമ്മുടെ വിജയ ശിൽപികൾ | 26 |
| 22. | എന്താണ് ആൻറി മാറ്റർ ? | 27 |
| 23. | നന്ദി | 29 |

# കൂത്തുപറമ്പ് ഹൈസ്കൂൾ



ഏഴ് പതിറ്റാണ്ടുമുമ്പ് കൂത്തുപറമ്പിലെയും പരിസരപ്രദേശങ്ങളിലെയും നാട്ടുകാരുടെ കൂട്ടായ്മയിൽ രൂപീകൃതമായ കൂത്ത്പറമ്പ് ഹയർ സെക്കണ്ടറി സ്കൂൾ കമ്മിറ്റിയുടെ കീഴിൽ 1946-ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് കൂത്തുപറമ്പ് ഹയർ സെക്കണ്ടറി സ്കൂൾ. വടക്കൻ വയനാടുൾപ്പെടെ കിഴക്കൻ മലയോര പ്രദേശങ്ങളിലെ കുട്ടികൾ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് ഈ വിദ്യാലയത്തെ ആയിരുന്നു. കേരള സംസ്ഥാന രൂപീകരണത്തിനും, സ്വാതന്ത്ര്യത്തിനും മുമ്പ് മലബാർ പ്രദേശം മദ്രാസ് സർക്കാരിന്റെ ഭരണത്തിലായിരുന്ന കാലത്ത് അവരുടെ അംഗീകാരത്തോടെ കൂത്തുപ റമ്പ് യു.പി.സ്കൂളിൽ ആരംഭം കുറിച്ച ഹൈസ്കൂൾ 1947- ലാണ് ഇന്നു കാണുന്ന തൊക്കിലങ്ങാടിയിലെ പുതിയ കെട്ടിട സമുച്ചയത്തിൽ പ്രവർത്തനംതുടങ്ങിയത്.

വിദ്യാലയത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, പഠനനിലവാരം മെച്ചപ്പെടുത്താനുള്ള സർവ്വവിധ ഭൗതിക സാഹചര്യങ്ങളും തുടക്കത്തിൽ തന്നെ ഇവിടെ സജ്ജമാക്കുവാൻ ഹയർ സെക്കണ്ടറി സ്കൂൾ കമ്മിറ്റി ശ്രദ്ധിച്ചിരുന്നു. മുപ്പതേക്കറോളം വിസ്തൃതമായ സ്ഥലം നിക്കിലേരി തറവാട്ടുകാർ സൗജന്യമായി നൽകിയതും, സ്ഥലവാസികളായ കുടുംബാംഗങ്ങൾ സ്വന്തം വാസഗൃഹം മാറിക്കൊടുക്കാൻ തയ്യാറായതും, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായമേകി. ഹയർ സെക്കണ്ടറി സ്കൂൾ കമ്മിറ്റിയുടെ പ്രഥമ പ്രസിഡണ്ട് എ.കെ. കുഞ്ഞിമായൻ ഹാജിയും

സെക്രട്ടറി പി സി രാഘവൻ നമ്പ്യാരുമായി രുന്നു. അധ്യക്കറ്റുമാരായ എം.അനന്തൻ, ശ്രീനിവാസ അയ്യർ, എൻ.ടി.കേളപ്പൻ നമ്പ്യാർ, എൻ കുഞ്ഞപ്പ നമ്പ്യാർ തുടങ്ങിയ പ്രഗത്ഭരുടെ നേതൃത്വത്തിൽ ജനകീയ കൂട്ടായ്മ യോടെ ഉദാരമതികളുടെ സമർപ്പണ സമാഹരണത്തിലൂടെ പണിതുയർത്തിയ സരസ്വതി ക്ഷേത്രമാണ ്കൂത്തുപറമ്പ്ഹയർസെക്കണ്ടറിസ്ക്കൂൾ മദിരാശിഗവൺമെന്റിന്റെ പ്രത്യേകാനുമതിയോടെ കാർഷിക അദ്ധ്യാപക പരിശീല നത്തിനായി രണ്ട് തൊഴിലധിഷ്ഠിത കോഴ്സുകളും ഹൈസ്ക്കൂളിനോടനുബന്ധിച്ച് കുറേ ക്കാലം പ്രവർത്തിച്ചിരുന്നു. തുടക്കം മുതൽ 1969 വരെ പ്രധാനധ്യാപകനായിരുന്ന ശ്രീ. കെ.കെ.അപ്പുക്കുട്ടി അടിയോടി, സ്തുതർഹമായ സേവനത്തിലൂടെ ഏവരുടെയും ആദ രവ് നേടുകയും വിദ്യാലയത്തിന്റെ യശസ്സുയർത്തുകയും ചെയ്തിട്ടുണ്ട്. മാതൃകാ അധ്യാപകനെന്ന നിലയിൽ വിശിഷ്ട സേവനത്തിന് സംസ്ഥാന ദേശീയതലത്തിൽ അദ്ദേഹത്തിന്അവാർഡുകൾലഭിച്ചിരുന്നു.

പഠന നിലവാരത്തിലും, കലാ-കായിക രംഗത്തും സംസ്ഥാനതലത്തിൽ ഉന്നതസ്ഥാനങ്ങൾ നേടിയെടുത്തതും, കൂത്തുപറമ്പിലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലയിലെ പ്രശോഭിതവുമായ ഗതകാല സ്മരണകളും ഈ മഹത്തായ സ്ഥാപനത്തിന് അയവിറക്കാനുണ്ട്.

മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്ന ഹയർ സെക്കണ്ടറി സ്ക്കൂ ളിന്റെ ഭരണസമിതിയായ കൂത്തുപറമ്പ് എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് കീഴിൽ പ്രിൻസ് & പ്രിൻസസ് എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഹയർ സെക്കണ്ടറി സ്ക്കൂളിനോടനുബന്ധിച്ച് നടന്നുവരുന്ന ഇംഗ്ലീഷ് മീഡിയം ക്ലാസ്സിലെ വിദ്യാർത്ഥികൾ എല്ലാവർഷവും എസ്എസ്എൽസി പരീക്ഷയിൽ ഉന്നതവിജയം (100%) നേടിവരുന്നു.

പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ സാർവ്വത്രികമായി നടപ്പാക്കുന്ന ഐ.ടി. വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾക്ക് വേണ്ട കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. വിപുലമായ സൗകര്യമേർപ്പെടുത്തിയ ലബോറട്ടറി, ഔഷധത്തോട്ടം, നിരവധി ഗ്രന്ഥശേഖരമുള്ള ലൈബ്രറി, വിശാലമായ കളിസ്ഥലംഎന്നിവഒരുക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളിൽ കാർഷിക പരിസ്ഥിതി സംസ്കാരം സൃഷ്ടിക്കാൻ ഉതകുന്ന ജൈവ കാർഷിക പരിസ്ഥിതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശ്രേഷ്ഠ ഹരിത വിദ്യാലയ അവാർഡ് തുടർച്ചയായി ലഭിക്കുന്നത് പ്രവർത്തന മികവിനുള്ള അംഗീകാരമാണ്. സ്ക്കൂൾ കായിക വിഭാഗത്തിന്റെ നേതൃത്വത്തിൽ മാനേജ്മെന്റിന്റെ സ ഹ കര ണ



ത്തോടെ ഫുട്ബോൾ ,ഹാക്കി, വോളിബോൾ ,ഹാൻഡ് ബോൾ ക്രിക്കറ്റ് ,സോഫ്റ്റ് ബോൾ ,ബെയ്സ് ബോൾ, ബാഡ്മിൻറൺ എന്നീ ഗെയിമുകളിൽ വിദഗ്ധ പരിശീലനം നൽകാനായി കൂത്തുപറമ്പ് ഹയർ സെക്കൻഡറി സ്ക്കൂൾ സ്പോട്ട് അക്കാദമി പ്രവർത്തിക്കുന്നുണ്ട്. 400 ഓളം കുട്ടികൾ അക്കാദമിയുടെ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

എൻ സി സി ,സ്കൗട്ട് ആൻഡ് ഗൈഡ്സ് ,റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ് ,ഹരിത സേന, സ്റ്റാഫ് അസോസിയേഷൻ ,പിടിഎ, മദർ പിടിഎ, എന്നിവയുടെ സജീവമായ പ്രവർത്തനങ്ങളും മാനേജ്മെൻറ് കമ്മിറ്റിയുടെ ശക്തമായ നേതൃത്വവും നമ്മുടെ വിദ്യാലയത്തിന്റെ നിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഹയർസെക്കൻററി പ്രിൻസിപ്പൽ പി ലതയും ഹൈസ്ക്കൂൾപ്രധാനാധ്യാപകൻശ്രീപിവിനോദും ആണ്.

# എഡിറ്റോറിയൽ ബോർഡ്



**P.LETHA**
**PRINCIPAL**



**P.VINOD**
**HEAD MASTER**



**C.V.SUDHEEP**
**S.I.T.C**



**BANISH.K**
**KITE MASTER**



**SHYNA.K.L**
**KITE MISTRESS**

# സ്റ്റുഡൻറ് കമ്മിറ്റി അംഗങ്ങൾ



**MUHAMMED MIRZAN.T.K**
**9th J**



**JIVEJ.M.V**
**9th K**



**AISWARYA VIPIN**
**9th B**



**DEVANJANA PREMAN**
**9thB**

# LITTLE KITES BATCHES





# A LAMENTATION FROM THE DEPTH

**There is a sound from the depth of a river**

**like calling me to the darkest mysteries of water**


**I Ignored it and continued my irenic sleep**

**But like an animal haunting its prey, that sound**

**started to haunt me, I thought it was a hallucination**

**But that sound continuasly rang on my head...**

**I followed that sound through the river depth, But now:-**



**My chappals thinned because of my headweight**

**My cute frock became vulgor because of my endless swimming**

**My mind became a dust bin because of my evil thoughts about that sound..**

**But I didn't stop, I continued swimming down the river**

**Now the sand became a lamentation of something**

**At last I found:- the sound was from the deep of the river**

**The depth of the river is the window to the soul of earth**

**That sound was still there, I searched in the depth**

**But now the lamentation is became a groan....**

**At last the groan became a Song**

**song of a dream Down there,**

**The song was sung by the soul and heart of the river**

**Beauty of the river led me off the cliff**

**The river was singing about the beautiful yesterdays**

and the sadness of unborn tomorrows...

Down the river the sound echoed:

I was clean and pure,  i was beautiful and charming

But now lam dead, my beauty was lost

Human beings are the one who killed me...

The plastic and waste thrown by you: stuck on my heart

Now lam dead... The river stopped flowing

Heart of the river, dwells in the echoes of past

But on the depth of my heart, a lamentation and groan

of a river was flowing effortlessly.......

...Devananda K.K

X std D

Kuthuparamba h.s.s

# പ്രവേശനോൽസവം






കൂത്തുപറമ്പ് ഹയർസെക്കൻററിസ്ക്കൂളിൽ പ്രവേശനോൽസവം വിവിധ പരിപാടികളോടെ ആഘോഷിച്ചു.നഗരസഭാ കൌൺസിലർ എം.വി.ശ്രീജ ഉൽഘാടനം ചെയ്തു.ഹെഡ് മാസ്റ്റർ ശ്രീ വിനോദ് മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു.പ്രിൻസിപ്പാൾശ്രീമതി ലത ടീച്ചർ ,മാനേജർ ശ്രീ ബാലൻ മാസ്റ്റർ,സ്റ്റാഫ് സെക്രട്ടറി തേജസ് സർ,പി.ടി.എ പ്രസിഡൻറ് ശ്രീ പി.ടി.എ പ്രസിഡൻറ്ശ്രീപ്രകാശൻഎന്നിവർസന്നിഹിതരായിരുന്നു.





# DREAMS

Dreams are like

clouds in the sky

Big or small it is

Uncountable



When we close

Our pretty eyes we

Get into the dream

Sky with full of joy

It is full of dreams

Which we dont know

It will fulfil or not

Work until the clouds


Of dream rain and

Make us happy

...Sreepriya Saneesh XD



# ലഹരിതൻ അടിമകൾ

ഓർക്കുക മർത്ത്യരെ ഓർക്കുക മർത്ത്യരെ
വലിച്ചു തീർത്തതും കുടിച്ചു വറ്റിച്ചതും
നീ നിന്നെത്തന്നെ...
നിന്നമ്മ ചൊല്ലു വതു നീ കേൾക്കുന്നില്ലേ
എന്തിനെന്നെ നീ ഇഞ്ചിഞ്ചായി കൊല്ലുന്നു

എരിഞ്ഞു തീർത്ത ജീവിതം ബാക്കിയായി
നരകത്തിലേക്ക് നീ കാൽ വയ്ക്കപ്പെടും
നിൻ ജീവിതം ആകണം നിൻ ലഹരി..
ജീവിതത്തെ കാർന്നുതിന്നുന്ന ക്രൂരനാകരുത്...
ജീവിച്ചു ജീവിച്ചു കൊതി തീരണം
നിന്നമ്മയ്ക്കും ഭാര്യയ്ക്കും കുഞ്ഞു മക്കൾക്കും...
എന്നും കാലായി കാവലായി നീ ഉണ്ടാകണം
പുകച്ചു കളഞ്ഞു കുടിച്ചു തീർത്തു...
നശിപ്പിച്ചു നീ നിൻ ജീവിതത്തെ...
ഓർക്കുക മർത്ത്യറെ ഓർക്കുക മർത്ത്യരെ
വലിച്ചു തീർത്തതും കുടിച്ചു വറ്റിച്ചതും
നീ നിന്നെ തന്നെ.....

..ദിയ വിനോദ്
XD




# IRREPLACEABLE LOVE

My home have a machine

It work from dawn to dusk...

When there is any problem



It find a solution....

If it lose any nut and bolt

It itself repair...

It never get tired

Ohh!! That's my mom.....

Mom...you are like time piece

By being our alarm and lullaby..

By selling everything right time

Yet you find time for being my mate..

Your love was like moon light

Turning harsh things to beauty...

Thanks mom for your inexhaustible care


And irreplaceable love....



AYSHA MUHAMMED.K.T
XD

# JOURNEY OF LIFE

**Lives are like stars**



**Rolling in the river**

**Though joy,happiness**

**Sadness and difficulties**

**It will never stops**

**Until the river stops**

**Enjoy it before the**


**River stops**



**...Sreepriya Saneesh**

**X D**

# പെൻഡുലമില്ലാതെ

സമയം എപ്പോഴും ഒരു ചോദ്യചിഹ്നമാണ്.
അവനുള്ളതിലും
സമയക്കുറവാണവൾക്ക്
അമ്മയെന്നും പറയാറുണ്ട്
"സമയസൂചി!
അതിത്തിരി മുന്നോട്ടാണ് നല്ലത്."

"അത് സമയത്തെ പിൻതിരിപ്പിക്കും!"
അച്ഛൻ്റെ ശാസ്ത്രീയമായ യുക്തി.
"നിൻ്റെ സമയം നീ സംരക്ഷിക്കുക"
എന്നുമോർമ്മിപ്പിക്കുന്ന ഗുരു.
അവനെപ്പോഴും സമയത്തെച്ചൊല്ലി
എന്നോട് പിണങ്ങാറുണ്ട്.
"സമയം ആരെയും കാത്തിരിക്കില്ലല്ലോ...!
പിന്നെങ്ങനെ ഞാൻ നിന്നെ...?"
അതെ! എൻ്റെ സമയബോധത്തോട് പൊരുത്തപ്പെടാൻ
അവൾക്കും കഴിയുമായിരുന്നില്ല!
എന്തോ... ഞാൻ തെരെഞ്ഞെടുത്ത
സമയത്തിൻ്റെ പ്രതലം കറുപ്പാണ്!
എൻ്റെ സമയം സംരക്ഷിക്കാൻ
അവളും എൻ്റെ കൂടെ ഓടി നടന്നു.
ഓട്ടത്തിൽ പിറകിലായ അവൾ
സമയത്തിൽ ഒരിക്കലെനിക്ക് മുന്നിലായി!
അപ്പോഴേക്കും അവൾ പലതും നേടിയിരുന്നു!
ഒന്നുമില്ലാതെ ഞാനും!
ശരിയാണ്, ചെറിയൊരു സമയപ്പിഴ പോലും
വലിയ നഷ്ടങ്ങൾക്ക് കാരണമാവും.



**ധനീഷ് കുമാർ.പി.കെ.**
H.S.T Malayalam
K.H.S.S

# LITTLE KITES CLUB













# FREEDOM FEST
















## WHERE ANGELS OFTEN VISIT

**from upwards to eternity**

**from nowhere to eternity**

**Like moodi clouds**

**by their  clinging sounds**

**always healthy and  robust**


**every second cleaning the crust**

**Adorning   earth unlike rustle**

**welcoming others with kinda whistle**

**Always  adorning  nature**

**by galvanizing for our future**




**...AYSHA MUHAMMED.K.T**
**XD**

# വരയുടെ ലോകത്തിലേക്ക്









**DEVANANDA.K.K**
**XD**



# വിസ്മയക്കാഴ്ചകളിലേക്ക്







SIVANANDA
8A







ANUNAND E
XE



# ആ വാക മരച്ചുവട്ടിൽ

**ഞാ**ൻ ഒരു പിടി നേരത്തെയാണ് എണീറ്റത്. ചുവരുകൾക്കിടയിലൂടെ ഗംഗാനദിയുടെ കളകള ശബ്ദം ഞാൻ ഓർത്തു. കണ്ണുകൾ മുറുകെ അടച്ചു. പെട്ടെന്നാണ് എൻറെ ചുമലിൽ ആരോ കൈ വച്ചത്. വേറെ ആരുമല്ലായിരുന്നു എൻറെ പ്രിയതമയായിരുന്നു. അവൾ ഒരു ഗ്ലാസ് ചായ എൻറെ കയ്യിലേക്ക് വച്ചിട്ട് ചോദിച്ചു.."എന്താ ഇങ്ങനെ ഇരുന്ന് ആലോചിക്കുന്നത്""?



ഞാൻ പറഞ്ഞു "ഞാനെൻറെ പഴയകാലം ഓർത്തിരുന്നതാണ്. അന്ത്യം കാണാതെ യാത്രകൾ സൂര്യാസ്തമയം കാണാത്ത ദിനങ്ങൾ എനിക്കുണ്ടായിരുന്നില്ല"അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു"ഓ ..... ഈ വിനോദയാത്രയ്ക്ക് പോകുന്നത് വലിയ കാര്യമൊന്നുമല്ല. ആ സമയം വല്ല പണിയും എടുത്താൽ പൈസ കയ്യിലിരിക്കും"

ഞാൻ മറുത്തൊന്നും പറഞ്ഞില്ല. കാരണം എനിക്കറിയാമായിരുന്നു യാത്രയുടെ വില. അപ്പോഴാണ് അവൾ ഇന്ന് ഓഫീസിൽ ലീവ് ആണെന്നും ഫ്ലാറ്റ് വൃത്തിയാക്കാം എന്നും പറഞ്ഞത്. അവളോട് ഇത്തിരി ചുരുക്കുള്ളത് കൊണ്ട് അവൾ പറഞ്ഞ കാര്യം കേട്ടതായി ഭാവിച്ചില്ല.

അലമാര വൃത്തിയാക്കുന്നതിനിടയിൽ അവൾ എൻറെ പഴയ ആൽബം കണ്ടു. ഒരുപാട് ചിത്രങ്ങൾ ഉണ്ടായിരുന്നു അതിൽ. കാടിൻറെ, മലയുടെ , വർണ്ണ ശബളമായ പുഷ്പങ്ങളുടെ,...... അങ്ങനെ ഒട്ടേറെ.....

പക്ഷേ അവളെ ആകർഷിച്ചത് ആ ഫോട്ടോ ആയിരുന്നു..... ആ വാക മരത്തിൻറെ..... അവൾ ചോദിച്ചു "ആഹാ..... എന്ത് രസമാണ് ഈ ചിത്രം

കാണാൻ......!!! ചിത്രം വരച്ചത് പോലെയുണ്ട്" ഞാൻ പറഞ്ഞു...."അത് ചിത്രമല്ല..... എൻറെ മനസ്സിൽ തറച്ച അമ്പു കളുടെ അവശിഷ്ടമാണ്". അത്രയ്ക്ക് മറക്കാൻ പറ്റാത്തതായിരുന്നു ആ ഓർമ്മകൾ.... അവിടെ പോയി അനുഭവം പറയാൻ അവൾ എന്നോട് പറഞ്ഞു

അവളുടെ കണ്ണുകളിൽ ആ യാത്രയുടെ വിവരണം അറിയാനുള്ള തീക്ഷ്ണത ഞാൻ കണ്ടു. ഒടുവിൽ ഞാൻ പറഞ്ഞു .."പറയാം പറയാം ശബ്ദം ഉണ്ടാക്കല്ലേ..."

പതിയെ പതിയെ എൻറെ കണ്ണുകൾ അടഞ്ഞു. നാലു വർഷങ്ങൾ മുമ്പുള്ള ആ ഭാഗം മരത്തിന് ചുവട്ടിലെ ഓർമ്മകൾ ഞാൻ പൊടിതട്ടിയെടുത്തു.

അന്നൊരു ഞായറാഴ്ചയായിരുന്നു. വെറുതെയിരിക്കുമ്പോൾ എങ്ങോട്ടെങ്കിലും പോകണം എന്ന് തോന്നി. അപ്പോഴാണ് അന്നെന്റെ കൂട്ടുകാരൻ പറഞ്ഞ ഒരു വാകമര ചുവടിനെ പറ്റി ഞാൻ ഓർത്തത്.



ഒരുപാട് ദൂരം പോകണം അത് കാണാൻ.

അതിന്റെ ചുവട്ടിൽ ഇരുന്നാൽ ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണപ്പോൾ ഉണ്ടായ സന്തോഷത്തേക്കാൾ 100 ഇരട്ടി ആയിരിക്കുന്ന നമുക്ക്. ഇതൊക്കെ ആലോചിച്ചു കൂട്ടി ഞാൻ പോകാൻ തീരുമാനിച്ചു. മൂന്നാറിലെ നാടി ഫുട്ട്എന്ന അജ്ഞാത സ്ഥലത്തേക്ക് ഞാൻ പുറപ്പെട്ടു. മൂടുന്ന തണുപ്പ് ആയിരുന്നു. തണുത്തുവിറച്ച് ഒന്നുമല്ലാതായിപ്പോയി എന്ന് തന്നെ പറയണം. അവസാനം ഞാൻ അവിടുത്തെ ഒരു ചായക്കടയിൽ കയറി ഒരു ചായയും പരിപ്പുവടയും കഴിച്ചു. ചായക്കടക്കാരനോട് ഞാൻ വഴി ചോദിച്ചു. വഴി മനസ്സിലാക്കി ഞാൻ എൻറെ യാത്ര തുടർന്നു.

ഒടുവിൽ ആ ചായക്കടക്കാരൻ പറഞ്ഞ ഗോവണികൾ ഞാൻ കണ്ടു. സ്വർഗ്ഗത്തിലേക്ക് നാട്ടിയിട്ട പോലെ ഗോവണികൾ.

ദൂരെ നോക്കുമ്പോൾ വലിയ തളികകൾ പോലെ മഞ്ഞ് അടുക്കി വെച്ചിരിക്കുന്നത് കാണാം. ക്ഷീണം മാറിയ ഉടനെ ഞാൻ അതിൻറെ കുറച്ചു ഫോട്ടോ എടുത്തു. വീണ്ടും ഒട്ടനവധി നേരം ഞാൻ അവിടെ തന്നെ നിന്നു. പതിയെ അതിന്റെ ഓരോ ചില്ലകളെയും എൻറെ ഉപബോധമനസ്സിൽ ആഴത്തിൽ ഇറക്കി കൊണ്ട് ഞാൻ നടന്നു. ഗോവണികൾ ഇറങ്ങുമ്പോൾ എനിക്ക് കാണാനുള്ള ആകാംക്ഷ ആയിരുന്നു .തിരിച്ചു കയറുമ്പോൾ അതിസുന്ദരമായ ഒരു കാഴ്ച കണ്ടതിന്റെ ആത്മ നിർവൃതിഉണ്ടായിരുന്നു . അത്രയും ഗോവണികൾ കയറിയപ്പോഴും എൻറെ കാലുകൾ തളർന്നില്ല. മനസ്സിൽ നിറയെ ആ വാഗമരത്തിന്റെ ദൃശ്യങ്ങൾ ആയിരുന്നു.

ഞാനെൻറെ കണ്ണുകൾ പതിയെ തുറന്നു. ഈ എറണാകുളത്തെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങി കൂടിയ എന്നെ ഓർത്ത് എനിക്ക് തന്നെ ലജ്ജ തോന്നി. യാത്ര ചെയ്ത തഴമ്പിച്ച ശരീരമാണ് എന്റേത്. പ്രിയതമയുടെ മനസ്സ് ഒന്നിളകി. അവൾ പറഞ്ഞു.." ഇനി നിങ്ങൾ ഒറ്റയ്ക്കല്ല നമ്മൾ ഒരുമിച്ചാണ് യാത്രകൾ പോവുക".. ...

# പ്രകൃതി

അതിരാവിലെ ക്രൂവി കേൾക്കേ
ഉണർന്നു നാം
അലസതയോടെ ജനലിനരികിൽ
നീങ്ങി ഞാൻ നോക്കി
കൗതുകം പുറം കാഴ്ച കണ്ടു
പുളകിതരായി നാം
മലകൾക്ക് അപ്പുറം സൂര്യൻ
നമ്മെ നോക്കി ചിരിക്കുന്നു
പക്ഷികൾ പാടിപ്പാടി
പ്രയാണം തുടങ്ങുന്നു
ചെടികൾ മന്ദംമന്ദം
നൃത്ത ചുവടുകൾ വെക്കുന്നു
ഉറുമ്പുകൾ ഓടിയോടി
പാത പിന്തുടരുന്നു
എന്തൊരാനന്ദം
ആനന്ദമാനീ നന്മതൻ പ്രകൃതി

# അന്തിമവിജയം

രണ്ട് രാജ്യങ്ങളുമായുള്ള കനലരിയുന്ന യുദ്ധക്കളമാണ് ഇന്നേക്ക് ഇവിടെ ആരംഭിക്കുന്നത്. ഇരുപക്ഷവും പകയുടെയും വിദ്വേഷത്തിൻറെയും ആളിക്കത്തുന്ന കണ്ണുകളാൽ കഴുകൻറെ രൂപത്തിൽ പരസ്പരം നോക്കി കൊണ്ടിരിക്കുകയാണ്. ഇരുരാജ്യങ്ങളിലെയും ജനാധിപത്യം ഈ യുദ്ധത്താൽ വരാൻ പോകുന്ന ദുരന്തത്തെ മുന്നിൽ കണ്ടുകൊണ്ട് മനംനൊന്ത് നീറുകയാണ്. ഇരുപക്ഷത്തും ലക്ഷക്കണക്കിനു പടയാളികളും ഒപ്പം ആയിരക്കണക്കിന് ആനകളും കുതിരകളും അണി നിരകളായി നിരന്ന് നിൽക്കുകയാണ്. കാഹളം മുഴങ്ങി, യുദ്ധമാരംഭിച്ചു. വിശന്നു വലഞ്ഞ ചെന്നായകൾക്ക് ഭക്ഷണം ലഭിക്കുന്ന മനോഭാവത്തോടെയാണ് യുദ്ധഭൂമിയിൽആരംഭംകുറിച്ചത്.

ചുറ്റുപാടുമുള്ള അന്തരീക്ഷം ആളിക്കത്തി. കൈവശമുള്ള മൂർച്ചയേറിയ ആയുധങ്ങൾ കൊണ്ട് യാതൊരു ജീവൻറെ വിലയും വർഗ ഭേദവും ഇല്ലാതെ പരസ്പരം തീഷ്ണമായി പോരാടുകയാണ്....

ഓരോ നിമിഷങ്ങൾ കഴിയുംതോറും യുദ്ധ വേദിയിൽ തലയും ഉടലും വിഭജിക്കപ്പെട്ടു രക്തത്തിൽ മുങ്ങി കിടക്കുന്നത് കാണാം. അതോടൊപ്പം മിണ്ടാപ്രാണികൾ ആയ മൃഗങ്ങളും രക്തത്തിൽ ചത്തൊടുങ്ങി കിടക്കുന്നതും കാണാം.

നിസ്സാരവെല്ലുവിളികളെയുംനേരിടാൻ മാത്രമാണ് കോടിക്കണക്കിന് പ്രാണൻ വെടിയുന്നത്. മണിക്കൂറുകൾഏറെനീണ്ടു. ഇരുപക്ഷത്തും ഇപ്പോൾ 40 ഓ 45 ഓ പടയാളികളും മൃഗങ്ങളും മാത്രമാണ് അവശേഷിച്ചിരുന്നത്. ഇരു കൂട്ടാളികളും തളർന്നു വീഴാൻ തുടങ്ങി. പെട്ടെന്ന് അവർ ചുറ്റുപാടുംഒന്ന്നിരീക്ഷിച്ചു.

അപ്പോഴതാ ഇരു രാജാക്കന്മാരും രക്തത്തിൽ മരണമടഞ്ഞ നിലയിൽ കിടക്കുന്നു. യുദ്ധം അവസാനിപ്പിച്ചു. അവശേഷിച്ച കൂട്ടാളികളും മൃഗങ്ങളും തങ്ങളുടെ രാജാവ് നഷ്ടപ്പെട്ടതോർത്ത് വെന്തുരുകി. ഇരുവരുടെയും ജനാധിപത്യം തനിച്ചായി. വരുംതലമുറയെ അവരെങ്ങനെ സംരക്ഷിക്കുമെന്ന് ഓർത്തു ആകുലപ്പെട്ടു. എന്നാൽസൂര്യനസ്തമിച്ചില്ല.......

ഇരു രാജ്യത്തിനും നേരെ അഹിംസയുടെ മുനയേറിയ അമ്പുകൾ ഇരുജനാധിപത്യവും പ്രയോഗിച്ചു. തികച്ചും സാത്ത്വികമായി ജീവിതം അവർ ആരംഭിച്ചു. യാതൊരു വർഗ ഭേദവും ഇല്ലാതെ രണ്ട് രാജ്യങ്ങളും ഒറ്റക്കെട്ടായി മാറി. സാന്മാർഗിക ശക്തിയുടെ ഉത്കടമായ ആയുധമാണ് "അഹിംസ "എന്ന് അവർ മനസ്സിലാക്കി.

ഇതായിരുന്നുഇവരുടെഅന്തിമവിജയം......

"അക്രമത്തിലൂടെ അല്ല.... മറിച്ച് അക്രമരാഹിത്യത്തിലൂടെയെ യഥാർത്ഥ വിജയം കൈവരിക്കൂ.....

# മായാത്തവല്ലാത്തഓർമ്മകൾ

അന്ന് ഒരു വ്യാഴാഴ്ച ദിവസം ഞങ്ങൾ ഒരു യാത്ര പോവുകയായിരുന്നു. യാത്ര ഇത്രയും കാലം മനസ്സിൽ നിൽക്കും എന്ന് ഞാൻ അറിഞ്ഞില്ല. ഓർമ്മകളിൽ മധുരം കൂടുന്നത് ഇന്നിൽ അത് നഷ്ടപ്പെട്ടു പോകുമ്പോഴാണ് ഞാനും എൻറെ അനുജത്തിയും കൂടെ ഞങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരൻ റോബി കുട്ടനും ആയിരുന്നു ഒരുമിച്ചു വണ്ടി യിൽ



ഇരുന്നത്. ഞങ്ങൾ വണ്ടിയിൽ അപ്പുറത്തേക്ക് കാഴ്ചകളിൽ ആസ്വദിക്കുകയായി രുന്നു. പെട്ടെന്ന് എല്ലാവരും ഓടിക്കിതച്ചു വരുന്നത് ഞങ്ങൾ കണ്ടു. എന്താണെന്നറിയാതെ ഞങ്ങൾ പകച്ചു നിന്നുപോയി. ഡ്രൈവർ അങ്കിൾ കാര്യം തിരക്കി. വലിയ ഒരു കെട്ടിടം കത്തി അണക്കാൻ ശ്രമിക്കുകയാണ്. പക്ഷേ തീആളിക്കത്തുകയാണ്. റോബിക്കുട്ടൻ ഓടി കെട്ടിടത്തിൽ കുടുങ്ങിയവരെ രക്ഷിക്കാൻ ശ്രമിച്ചു. ഞങ്ങൾ റോബിക്കുട്ടനെ കാണാതെ തലങ്ങും വിലങ്ങും അന്വേഷിച്ചു.

അമ്മയും അച്ഛനും ഞങ്ങളുടെ കൂടെ വന്നു അച്ഛൻ ആളുകളുടെ ബഹളം കൂടുന്നത് അവിടേക്ക് ചെന്നു ...

കുറച്ചു സമയം കഴിഞ്ഞപ്പോൾ ആകാശം കറുത്തു മഴയും കൂടെ എത്തി. കൊച്ചു സൂര്യൻ മറയാൻ തുടങ്ങി. മഴപെയ്യാൻ തുടങ്ങി. തീ മെല്ലെ മെല്ലെ അണയാൻ തുടങ്ങി. അച്ഛൻ പുറത്തുവന്നിട്ടും


റോബി കുട്ടനെ ഞങ്ങൾ കണ്ടില്ല. തീ മുഴുവനായി അണിഞ്ഞിട്ടും റോബി കുട്ടൻ വരാത്തത് കണ്ടപ്പോൾ ഞങ്ങൾ എല്ലാവരും കെട്ടിടത്തിനുള്ളിൽ കയറി റോബി കുട്ടനെ തിരക്കി. കെട്ടിടത്തിനുള്ളി ലെ ഒരു മുറിയിൽ കസേരയുടെ അടുത്തായി റോബിക്കുട്ടൻ കിടക്കുന്നത് കണ്ടു. ഞങ്ങൾ അങ്ങോട്ടേക്ക് ഓടി.

മുഴുവൻ പൊള്ളലേറ്റ നിലയിൽ കിടക്കുന്ന റോബി കുട്ടനെ അച്ഛൻ വാരിപുണർന്നു. ആ രാത്രി ഞങ്ങളുടെ പ്രിയപ്പെട്ട റോബി കുട്ടനെയും കൂടെ കൂട്ടിയിരുന്നു. ഞാനും അനുജത്തിയും പൊട്ടിക്കരഞ്ഞു. അങ്ങനെ ആ രാത്രിയിൽ ഞങ്ങളുടെ റോബി കുട്ടൻ വെറുമൊരു ഓർമ്മയായിമാറി

........നിവേദ്യസുനിൽ



# നമ്മുടെ വിജയശില്പികൾ



















ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കണ്ടെത്തലുകൾ ആയിരുന്നു റിലേറ്റിവിറ്റിയും കോണ്ടം മെക്കാനിക് സും. കണ്ടെത്തിയ ഏറ്റവും പ്രധാനപ്പെട്ട വസ്തു ഏതെന്ന് ചോദിച്ചാൽ അത് ആൻറി മാറ്റർ ആയിരിക്കാം എന്താണ് ആൻറി മാറ്റർ? നമുക്കറിയാവുന്നത് ദ്രവ്യത്തെ കുറിച്ചാണ്. എല്ലാ പദാർത്ഥങ്ങളും നിർമ്മിച്ചിരിക്കുന്നത് ആറ്റങ്ങൾ കൊണ്ടും തന്മാത്രകൾ കൊണ്ടുംആണെന്ന് അറിയാം. ഈ ആറ്റങ്ങൾ നിർമ്മിച്ചിരിക്കുന്നത് ഇലക്ട്രോൺ പ്രോട്ടോൺ ന്യൂട്രോൺ എന്നീ കണങ്ങൾ കൊണ്ടാണ്.

ഇലക്ട്രോണിന്റെ ചാർജ്ജ്നെഗറ്റീവും പ്രോട്ടോണിന്റെ ചാർജ്ജ് പോസിറ്റീവും ന്യൂട്രോണിന് ചാർജ്ജ് ഇല്ലെന്ന് നമുക്കറിയാം. ഈ മൂന്ന് കണങ്ങൾക്കും ഘടകവിരുദ്ധമായ മറ്റ് കണങ്ങൾ വേറെയുണ്ട്. ഇവയെയാണ് ആന്റിമാറ്റർ എന്നു പറയുന്നത്. വിശ്വാസം വരുന്നില്ലെങ്കിൽ പറയാം മെഡിക്കൽ ഫീൽഡുകളിൽ ആൻറി മാറ്റർ ഉപയോഗിക്കുന്നുണ്ട്.. എന്തിനു പറയുന്നു ഒരു ദിവസം നമ്മുടെ ശരീരത്തിൽ നിന്ന് 4000 ആന്റി മാറ്റർ എങ്കിലും പുറത്തേക്ക് വരുന്നുണ്ടെന്നാണ് കണക്കാക്കുന്നത്.

പോൾ ഡിറാക്ക് എന്ന ശാസ്ത്രജ്ഞൻ ഇലക്ട്രോണിന്റെ ആന്റിമാറ്റർ പോസിട്രോൺ ആണെന്ന് കണ്ടെത്തി. എന്നാൽ പോസിട്രോണിനെ തിയററ്റിക്കലി പ്രെഡിക്ട് ചെയ്തത് കാൾ ഡേവിഡ് ആൻഡേഴ്സൺ എന്ന ശാസ്ത്രജ്ഞനാണ്.ഡിറാക്കിനും കാൾ ഡേവിഡ്ആൻഡേഴ്സണും 1933ലും 1936ലുംനോബൽസമ്മാനംനൽകിആദരിച്ചു:

മെഡിക്കൽ ഫീൽഡിൽ ക്യാൻസർ കണ്ടെത്തുന്നതിനും ക്യാൻസർ ചികിത്സക്കും PET സ്കാനിങ്അഥവാ പോസിട്രോൺ എമിഷൻ ടോമോഗ്രാഫി ഇതിലുപയോഗിക്കുന്നത് പോസിട്രോൺ ആണ്.ഇത് ഇലക്ട്രോണിന്റെ ആന്റിമാറ്റർ ആണ്. ഇത് ഇലക്ട്രോണിന്റെ ആന്റിമാറ്റർ ആണ്


ചില റേഡിയോ ആക്ടീവ് മൂലകങ്ങളിൽ നിന്നും പോസിറ്റീവ് ഇലക്ട്രോണുകളുടെ അഥവാ പോസിട്രോണുകളുടെഎമിഷൻഉണ്ടാവാറുണ്ട്.

പോസിട്രോണുകൾ എമിറ്റ് ചെയ്യുന്ന ഒരു മൂലകമാണ് പൊട്ടാസ്യം .പൊട്ടാസ്യത്തിൽ പൊട്ടാസ്യം 40 എന്ന റേഡിയോ ആക്ടീവ് ഐസോടോപ്പ് വളരെ കുറച്ചു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.നമ്മുടെ ശരീരത്തിൽ 140 ഗ്രാം പൊട്ടാസ്യം ഉള്ളതായി കണക്കാക്കുന്നു . ഇതിൽ 16 ഗ്രാം മാത്രമാണ് റേഡിയോ

ആക്ടീവ് പൊട്ടാസ്യം. ഇതിൽനിന്നും നാലായിരത്തോളം പോസിട്രോണുകൾ പുറത്തേക്ക് വരുന്നതായികണക്കാക്കുന്നു.

പ്രോട്ടോണിന്റെ ആന്റിമാറ്റർ ആൻറി പ്രോട്ടോണുകളും ന്യൂട്രോണുകളുടെ ആന്റിമാറ്റർ ആൻറിന്യൂട്രോണുകളും ആണ്.ആൻറി കണങ്ങൾക്കെല്ലാം ഒറിജിനൽ കണങ്ങളുടെ അതേ മാസ് തന്നെയായിരിക്കും എന്നാൽ അവയുടെ ചാർജ്ജ് വ്യത്യസ്തമായിരിക്കും.

ആൻറി മാറ്റർ കണങ്ങൾ കൊണ്ട് ആൻറി ആറ്റങ്ങൾ ഉണ്ടാക്കാം.ഒരു ആന്റി പ്രോട്ടോണും പോസിട്രോണും ഉപയോഗിച്ച് ആൻറി ഹൈഡ്രജൻ ഉണ്ടാക്കാം.ഇതുപോലെ ആൻറി ഹീലിയവും അങ്ങനെ എല്ലാ ആൻറി മൂലകങ്ങളും ഉണ്ടാക്കിയെടുക്കാം.അങ്ങനെയെങ്കിൽ ആൻറി ഹൈഡ്രജനും ആൻറി ഹീലിയവും ഉണ്ടെങ്കിൽ ആൻറി നക്ഷത്രങ്ങൾ ഉണ്ടാക്കിക്കൂടെ?എന്നാൽ അങ്ങനെയൊന്നും ഇതുവരെകണ്ടെത്തിയിട്ടില്ല



ഒരു ആന്റി മാറ്റർ കണവും നോർമൽ കണവും തമ്മിൽ കൂട്ടിമുട്ടുകയാണെങ്കിൽ അവ രണ്ടും പരസ്പരം നശിപ്പിക്കപ്പെടും.അതായത് രണ്ടിന്റെയും മാസിന് അനുപാതികമായ അത്രയും ഊർജ്ജം ഉൽപാദിപ്പിക്കപ്പെടും.ഈ റിയാക്ഷൻ അനിലിയേഷൻ റിയാക്ഷൻ എന്ന് പറയുന്നു.ഇത്തരം അനിലിയേഷൻ റിയാക്ഷൻ നടക്കുമ്പോൾ മാറ്ററോ ആൻറിമാറ്ററോ പിന്നീട് അവശേഷിക്കുന്നില്ല.ഊർജ്ജം മാത്രം അവശേഷിക്കുന്നു.എന്നാൽ എല്ലാ ആന്റിമാറ്ററും എല്ലാ മാറ്ററുമായിഅനിലേറ്റ്ചെയ്യപ്പെടുന്നില്ല.

ഒരു ഇലക്ട്രോൺ ഒരു പോസിട്രോണുമായി മാത്രമേ അനിലിയേറ്റ് ചെയ്യുന്നുള്ളൂ.ധാരാളം ഊർജ്ജം പുറത്തേക്ക് വിടുന്ന ന്യൂക്ലിയർ ഫിഷൻ ഫ്യൂഷൻ എന്നീ പ്രവർത്തനങ്ങളിൽ കുറഞ്ഞ മാസാണ് ഊർജ്ജമായി മാറുന്നത്.എന്നാൽ മാറ്ററും ആന്റിമാറ്ററും തമ്മിലുള്ള അനിലേഷൻ റിയാക്ഷനിൽ മാറ്റർ അവശേഷിക്കുന്നില്ല. മുഴുവൻ ഊർജ്ജമായി മാറുന്നു.

ഹിരോഷിമയിൽ ഉപയോഗിച്ച ആറ്റം ബോംബിൽ 64 ഗ്രാം യുറേനിയം ആണ് ഉപയോഗിച്ചത്.ഇതിൽ ഒരു കിലോഗ്രാം യുറേനിയത്തിലാണ് ഫിഷൻ റിയാക്ഷൻ നടന്നത്.ഇതിൽ .6 ഗ്രാം യുറേനിയം മാത്രമാണ് ഊർജ്ജമായി മാറുന്നത്.എന്നാൽ അതിൻറെ സ്ഥാനത്ത് മാറ്ററും ആന്റിമാറ്ററും ഉപയോഗിക്കുകയാണെങ്കിൽ .6 ഗ്രാം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ആന്റിമാറ്ററിനെ കുറിച്ചുള്ള പഠനം ഇപ്പോഴും നടക്കുകയാണ്. ആന്റീ മാറ്ററിന്റെ മേൽപ്പറഞ്ഞ സവിശേഷതകളൊക്കെ മുൻനിർത്തിയാണ് ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള വസ്തു ആന്റീ മാറ്ററായിമാറുന്നത് .



**ഷൈന.കെ.എൽ**
**H.S.T PHYSICAL SCIENCE**
**K.H.S.S**

ലിറ്റിൽ കൈറ്റ്സ് 2022 25 ബാച്ചിന്റെ ഈ മാഗസിൻ പൂർത്തീകരിക്കാൻ ഞങ്ങളെ സഹായിച്ച ഏവർക്കും നന്ദി. ഞങ്ങൾ പഠിച്ച കാര്യങ്ങൾ ഉപയോഗപ്പെടുത്താനും കൂട്ടുകാരുടെയും അധ്യാപകരുടെയും ഭാവനകളും ചിന്തകളും നിങ്ങളുടെ മുന്നിൽ എത്തിക്കാനും കഴിഞ്ഞതിൽ വളരെ സന്തോഷം. തെറ്റുകളും കുറവുകൾ ഉണ്ടാവാം. സാദരം ക്ഷമിക്കുക

# നന്ദി.....

